7. ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോഴും, പരിശീലനത്തിനയക്കുമ്പോഴും, ഒരേ സമയത്ത് 15 ദിവസത്തിൽ കവിയാതെ സ്പെഷ്യൽ ക്യാഷ്വൽ ലീവും, ഓരോ വർഷത്തിലേയും ഹോംഗാർഡു ദിനത്തിൽ പങ്കെടുക്കുന്നതിനു് ഒരു ദിവസത്തെ സ്പെഷ്യൽ ക്യാഷ്വൽലീവും.

(സി) പരിശീലന കേന്ദ്രങ്ങളിൽനിന്നും അഞ്ചു നാഴികയിലധികമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്കു് പരേഡിൽ സംബന്ധിക്കുന്നതിനു് യഥാർത്ഥ യാത്രച്ചെലവിലേയും, അഞ്ചു നാഴികക്കുള്ളിൽ താമസിക്കുന്നവർക്കു് യാത്രച്ചെലവിലേക്കായി പരേഡു ഒന്നിനു് 10 നയാപൈസ വീതം അലവൻസും നൽകുന്നുണ്ടു്. നിലവിലുള്ള സാമ്പത്തികവിഷമതകളേയും, ഉണ്ടായേക്കാവുന്ന അധികച്ചെലവിനേയും പരിഗണിച്ചു് വാഷിംഗ് അലവൻസു് ഒരുരൂപയായി ഉയർത്തുവാൻ നിവ്വാഹമില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : വനിതകളെ ഹോംഗാർഡിലേക്കു് തിരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെയാണു് തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകമായി ആരേയും തിരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഹോംഗാർഡു് ദിനത്തിൽ പങ്കെടുത്തതിന്റെ യാത്രച്ചെലവു്, അലവൻസു് മുതലായവ കിട്ടാൻ കാലതാമസം വരുന്നുണ്ടെന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ ; അങ്ങനെ പരാതി ഉണ്ടാകാതിരിക്കാൻ വേണ്ടതു ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ പരാതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ഉണ്ടായാൽ അതേപ്പറ്റി ഉടൻതന്നെ അന്വേഷിക്കുന്നതാണു്.

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള : വനിതാ ഹോംഗാർഡ്സിനെ സംബന്ധിച്ചു് ചില ഡിസ്ട്രിക്റ്റുകളിലൊക്കെ അതിനുവേണ്ടി റിക്രൂട്ടുമെന്റു് നടക്കാൻ പോകുന്നുവെന്നു് പത്രത്തിൽ വായിക്കുകയുണ്ടായി. അതിന്റെ യഥാർത്ഥ നില എന്താണു്, അങ്ങനെ വല്ല ആളുകളേയും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴും എന്തെങ്കിലും പ്രത്യേകമായി ഉള്ളതായി അറിയാൻ നിവൃത്തിയില്ല.

ശ്രീ. പു. എം. മത്തായി : ഹോംഗാർഡിനു പരിശീലനം ലഭിച്ച ആളുകൾക്കു് വേറെ എവിടെയെങ്കിലും നിയമനത്തിനു ചെല്ലുമ്പോഴും എന്തെങ്കിലും പ്രത്യേക മുൻഗണന കൊടുക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ പ്രത്യേകമായി ഒന്നും വ്യവസ്ഥ ചെയ്തിട്ടില്ല. പക്ഷേ പോലീസിലോ മറ്റോ റിക്രൂട്ടുചെയ്യുമ്പോൾ അവർക്കു് പരിശീലനം ലഭിച്ചിട്ടുണ്ടെന്നുള്ള വസ്തുത പ്രത്യേക പരിഗണനയ്ക്കു് വിഷയമായേക്കും.

ശ്രീ. എസ്. കുമാരൻ : 5 നാഴികക്കുള്ളിൽ 10 നയാപൈസ കൊടുക്കുന്നു എന്നു പറഞ്ഞു. ഇതു നാഴികക്കു രണ്ടു ഒരു നയാപൈസവീതമാണോ ?

ശ്രീ. ആർ. ശങ്കർ : യാത്രച്ചെലവു് പ്രത്യേകം കൊടുക്കുന്നതിനുപകരം 10 നയാപൈസ അലവൻസു് കൊടുക്കുന്നുണ്ടു്.

ലാൻഡ് ടൈബ്യൂണൽ.

* 456. [13] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ക്രിമിനൽ പ്രൊസീജ്യർ കോഡിലെ വകുപ്പുകൾ പ്രകാരം ഒരു ലാൻഡ് ടൈബ്യൂണൽ സ്ഥാപിക്കേണ്ടിവന്നു ;

(ബി) 1961—ലെ 4—ാം ആക്റ്റു് (കാർഷികബന്ധനിയമം) നടപ്പിലാക്കുന്നതിനു എത്ര ലാൻഡ് ടൈബ്യൂണൽ ഏർപ്പെടുത്തിയിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) അതേപ്പറ്റി ഒരു അവസാന തീരുമാനം എടുത്തിട്ടില്ല.
(ബി) 31 (മുപ്പത്തിയൊന്ന്)

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ലാൻഡ് ട്രൈബ്യൂണലുകളിൽ കേസുകൾ ധാരാളമുള്ളതുകൊണ്ട് മുൻസിഫുമാരെത്തന്നെ ലാൻഡ് ട്രൈബ്യൂണലായി നിയമിക്കാൻ വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ലാൻഡ് ട്രൈബ്യൂണലുകളെല്ലാടെ നിയമിച്ച് പ്രവൃത്തി പെട്ടെന്ന് തീർക്കുന്നതിനുവേണ്ടിയാണ് ഗവണ്മെന്റ് ഇങ്ങനെ ചെയ്തിരിക്കുന്നത്. രണ്ട് ജോലികളുംകൂടി ഒരേസമയത്തു് മുൻസിഫുമാരെക്കൊണ്ട് ചെയ്യിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. എൻ. എൻ. പണ്ടാരത്തിൽ : പഴയ ലാൻഡ് ട്രൈബ്യൂണലിന്റെ മുമ്പാകെ രേഖ സമർപ്പിച്ചതു് തിരിച്ചു കിട്ടുന്നതിനു് ആരെയാണു് സമീപിക്കേണ്ടതു് ?

ശ്രീ. ആർ. ശങ്കർ : എന്തെങ്കിലും ബുദ്ധിമുട്ടു് തിരിച്ചുവാങ്ങുന്നതിനുണ്ടെങ്കിൽ അതറിയിച്ചാൽ നടപടി സ്വീകരിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : 17-ാം ഭേദഗതി കൊണ്ടുവരുന്നതു് നീണ്ടുപോകുന്ന മാതിരിയാണു കാണുന്നതു്. അതുകൊണ്ട് ഈ ഗവണ്മെന്റിന്റെ ഭൂപരിഷ്കാര നിയമം നടപ്പിലാക്കുവാനുള്ള ഉത്സാഹം എത്രാണ്ടു് കുറഞ്ഞിരിക്കുന്നുവെന്നാണു് മനസ്സിലാക്കേണ്ടതു്. ഭേദഗതിക്കു് കാത്തിരിക്കാതെതന്നെ ഭൂപരിഷ്കാര നിയമം നടപ്പിലാക്കുവാൻ ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുവാൻ ഭേദഗതിയെ ആശ്രയിക്കേണ്ടതില്ലെന്നാണു് ഗവണ്മെന്റ് വിചാരിക്കുന്നതു്. ഭേദഗതിയനുസരിച്ചുള്ള പ്രൊട്ടക്ഷൻ അതു വരുമ്പോൾ കിട്ടട്ടെ എന്നു വിചാരിക്കുകയാണു്.

ശ്രീ. കെ. ആർ. വിജയൻ : ഈ ട്രൈബ്യൂണലിലേക്കു് ആവശ്യമുള്ള മുൻസിഫുമാരെ എന്നത്തേക്കു് ഹൈക്കോടതി വിട്ടുതരുമെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : അവരെ വിട്ടുതരുന്നതിനു മുൻപു കുറെ മുൻസിഫുമാരെ നിയമിക്കേണ്ടതുണ്ടു്. അതുകൊണ്ടു് എന്നത്തേക്കു് അവരെ വിട്ടുതരാൻ സാധിക്കുമെന്നു പറയുവാൻ പ്രയാസമാണു്.

ശ്രീ. ഈ. പി. ഗോപാലൻ : 17-ാം ഭേദഗതി വരുന്നതിനു മുൻപു ഇവിടത്തെ ഭൂപരിഷ്കാര നിയമങ്ങളും നടപ്പിലാക്കുകയാണെങ്കിൽ ഭേദഗതിപരമായ വൈഷമ്യം അതിനുണ്ടാകുമെന്നു ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : 17-ാം ഭേദഗതി നിയമം പാസ്സാക്കിയാൽ ഉണ്ടാകുന്നപ്രൊട്ടക്ഷൻ ഇപ്പോഴും ഇല്ല. ഏതായാലും ഇവിടത്തെ നിയമം പ്രയോഗത്തിൽ വരുത്തുന്നതിനുള്ള നടപടികളും ഇപ്പോഴേ ആരംഭിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഭൂപരിഷ്കാര നിയമപ്രകാരമുള്ള ചട്ടങ്ങളും തയ്യാറായി കഴിഞ്ഞോ ?

ശ്രീ. ആർ. ശങ്കർ : അതു് തയ്യാറാക്കി വരുന്നു.

ശ്രീമതി. കെ. ആർ. ഗൗരി : ശ്രീപണ്ടാരവക ഭൂമി ഇന്നത്തെ നിലയിൽ എസ്റ്റേറ്റിൽ പെടുകയില്ലെന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് അതു് ഈ നിയമത്തിൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥിതിക്കു്, അതു ഭേദഗതിയും വിധേയമാക്കണമോ എന്നാണോ വിചാരിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയാണു വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly